പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2824 — 07.12.2018 ൽ മറുപടിയ്ക്ക്

## കോന്നി ഫയർ സ്റ്റേഷന് വനം വകുപ്പിന്റെ സ്ഥലം

| ചോദ്യം<br>ശ്രീ. അടൂർ പ്രകാശ് | | മറുപടി<br>അഡ്വ.കെ.രാജു<br>(ബഹു വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | കോന്നി ഫയർ സ്റ്റേഷൻ നിർമ്മാണത്തിന് വനം വകുപ്പിന്റെ സ്ഥലം വിട്ടുകൊടുക്കുന്നതിനുള്ള നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കുമോ; | (എ) | കോന്നി ഫയർ സ്റ്റേഷനായി വനം വകുപ്പിന്റെ ഉടമസ്ഥതയിലുള്ളതും കോന്നി ഇൻസ്പെക്ഷൻ ബംഗ്ലാവ് കോമ്പൗണ്ടിനോട് ചേർന്ന് കിടക്കുന്നതുമായ 40 സെന്റ് ഭൂമി അനുവദിക്കുന്ന കാര്യത്തിൽ യൂസർ ഏജൻസി എന്ന നിലയിൽ ഫയർ & റസക്യൂ സർവ്വീസ് വന ഭൂമി വിട്ടു നൽകുന്നതിനുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം വനം വകുപ്പിന് സമർപ്പിക്കുന്നതിന് തീരുമാനിച്ചിരുന്നു. എന്നാൽ ഇതിനുള്ള അപേക്ഷ യൂസർ ഏജൻസിയിൽ നിന്നും ഓൺലൈനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ നാളിതുവരെ ലഭ്യമായിട്ടില്ല. |
| (ബി) | വനം വകുപ്പ് മന്ത്രിയുടെ ചേംബറിൽ 1.10.2014-ലും 23.05.2017-ലും കൂടിയ യോഗങ്ങളിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനങ്ങൾ ഇനം തിരിച്ച് വെളിപ്പെടുത്തുമോ; | (ബി) | **<u>01.01.2014 ലെ യോഗതീരുമാനം ചുവടെ ചേർക്കുന്നു.</u>**<br>1. വനാവശ്യങ്ങൾക്കായുള്ള ഫയർ സ്റ്റേഷൻ എന്ന രീതിയിൽ പ്രോജക്ട് പുനർരൂപകല്പന ചെയ്യണം. വനം വകുപ്പിന്റെ 40 സെൻറിനു പുറമേ പൊതുമരാമത്ത് വകുപ്പിന്റെ 15 സെന്റിനായി Permissive sanction വാങ്ങണം.<br>2. പരസ്പര സമ്മതത്തോടെയുള്ള MoU വേണം.<br>3. പ്രാഥമികമായി വനപ്രദേശത്തെ അഗ്നിശമന ആവശ്യങ്ങൾക്കായിട്ടാവണം പ്രോജക്ട്.<br>4. Quick Response Vehicle, നൂതന ഉപകരണങ്ങൾ, ജീവനക്കാർക്കായുള്ള പരിശീലന കേന്ദ്രം, Community Safety Groups, വന്യജീവി രക്ഷാ പദ്ധതികൾ എന്നിവ ഉൾപ്പെടുത്തണം.<br>**<u>23.05.2017 ലെ യോഗതീരുമാനം ചുവടെ ചേർക്കുന്നു.</u>**<br>1. യൂസർ ഏജൻസി എന്ന നിലയിൽ ഫയർ ആന്റ് റസ്ക്യൂ സർവ്വീസ് വനഭൂമി വിട്ടു നൽകുന്നതിനുള്ള അപേക്ഷ ആവശ്യമായ രേഖകൾ സഹിതം വനം വകുപ്പിന് നൽകുന്നതാണ്.<br>2. വനം വകുപ്പ് ടി ആവശ്യം ശുപാർശയോടെ ഫോറസ്റ്റ് കൺസർവേഷൻ ആക്ട് 1980 സെക്ഷൻ 2 പ്രകാരമുള്ള അംഗീകാരത്തിനായി കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് നൽകുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | ആയവ നടപ്പിലാക്കുന്നതിൽ നാളിതുവരെ എന്തെല്ലാം തുടർനടപടികൾ കൈക്കൊ കൊണ്ടിട്ടുണ്ടെന്ന് വിശദീകരിക്കുമോ; | (സി) | യൂസർ ഏജൻസി അപേക്ഷ നൽകിയിട്ടില്ലാത്ത സാഹചര്യത്തിൽ തുടർ നടപടികളൊന്നും തന്നെ സ്വീകരിക്കാൻ കഴിഞ്ഞിട്ടില്ല. |
| (ഡി) | ഭൂമി വിട്ടുകൊടുക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി കൈക്കൊള്ളുമോ എന്നറിയിക്കാമോ ? | (ഡി) | യൂസർ ഏജൻസി ഇതുവരെ അപേക്ഷകളൊന്നും തന്നെ നൽകിയിട്ടില്ല. ടി അപേക്ഷ ലഭിച്ച ശേഷം നിലവിലുള്ള നിയമാനുസൃതം നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ